**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5502** **24-03-2025 - ൽ മറുപടിയ്ക്ക്**

**അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തിയ കേന്ദ്രങ്ങൾക്കെതിരെ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലായി 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സമൂഹത്തിൽ നിലനിൽക്കുന്ന അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും പ്രോത്സാഹിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നടത്തുന്ന കേന്ദ്രങ്ങളെപ്പറ്റി പോലീസിന് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയും ഇത്തരത്തിലുള്ള അനാചാരങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.ഇതു സംബന്ധിച്ച് ജില്ലാ തലത്തിൽ സ്പെഷ്യൽ ബ്രാഞ്ച് വഴി നിരീക്ഷണം നടത്തുന്നുണ്ട്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തിയ കേന്ദ്രങ്ങൾ ക്കെതിരെ 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ബഹു. കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. മലയാലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 562/2022<br><br>2. മലയാലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 566/2022<br><br>3. കോന്നി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 921/2022 |

| | | | |
|---|---|---|---|
| | | | 4. നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 917/2022<br><br>5. കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2178/2024<br><br>6. പുത്തൻകുരിശ്ശ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 87/2023 |

സെക്ഷൻ ഓഫീസർ